**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1555** | **15-03-2022 - ൽ മറുപടിയ്ക്ക്**

**ഒരു ലക്ഷം കർഷകർക്കായുള്ള തൊഴിൽ ദാന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ത്രിതല പഞ്ചായത്തുകളിലൂടെ നടപ്പിലാക്കുന്ന കാർഷിക പദ്ധതികളിൽ 10 ശതമാനം തുക കൃഷി വകുപ്പിലെ ഒരു ലക്ഷം കർഷകർക്കായുള്ള തൊഴിൽ ദാന പദ്ധതിയിലെ അംഗങ്ങൾക്കുള്ള പ്രോജക്ടുകൾക്കായി നീക്കിവയ്ക്കുന്നതിന് തയ്യാറാകുമോ; വിശദാംശം നൽകുമോ; | (എ) | ത്രിതല പഞ്ചായത്തുകളിലൂടെ നടപ്പിലാക്കുന്ന കാർഷിക പദ്ധതികളിൽ എല്ലാ കർഷകർക്കും പങ്കാളികളാകാവുന്നതാണ്. വ്യക്തിഗത ആനുകൂല്യങ്ങൾ വിവിധ മാനദണ്ഡങ്ങൾ പാലിച്ച് തയ്യാറാക്കുന്ന ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് നൽകുന്നത്. പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്, ഗ്രാമസഭകളിൽ ഉരുത്തിരിയുന്ന ആവശ്യങ്ങളിന്മേൽ അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന സെമിനാറിൽ ചർച്ച ചെയ്ത് എടുക്കുന്ന തീരുമാനത്തിന്മേലാണ്. ത്രിതല പഞ്ചായത്തുകളിലൂടെ നടപ്പിലാക്കുന്ന കാർഷിക പദ്ധതികളിൽ ഒരു നിശ്ചിത ശതമാനം തുക ഒരു ലക്ഷം കർഷകർക്കായുള്ള തൊഴിൽദാന പദ്ധതിയിലെ അംഗങ്ങളുടെ പ്രൊജക്ടുകൾക്ക് മാത്രമായി നീക്കി വയ്ക്കാൻ നിലവിലെ മാനദണ്ഡങ്ങൾ അനുവദിക്കുന്നില്ല. |
| (ബി) | പ്രസ്തുത പദ്ധതി അംഗങ്ങളുടെ പെൻഷൻ, ഗ്രാറ്റുവിറ്റി, ചികിത്സാ സഹായം, മരണാനന്തരം നോമിനികൾക്കുള്ള സഹായം തുടങ്ങിയവ വിതരണം ചെയ്യുന്നതിൽ വലിയ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ടി ആനുകൂല്യങ്ങൾ പരിഷ്കരിക്കുന്നതിനും കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതിയിലെ അംഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിൽ കാലതാമസം നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 8/12/2021-ൽ ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പഞ്ചായത്ത് ജില്ലാ തലത്തിൽ അദാലത്തുകൾ സംഘടിപ്പിച്ച് കുടിശ്ശികയുള്ള അപേക്ഷകൾ അടിന്തിരമായി തീർപ്പാക്കുവാനുള്ള നിർദ്ദേശം നൽകുകയുണ്ടായി. ആയതു പ്രകാരം പഞ്ചായത്ത് ജില്ലാതലങ്ങളിൽ അദാലത്തുകൾ സംഘടിപ്പിച്ച്, അപേക്ഷകളിന്മേലുള്ള നടപടികൾ ത്വരിതപ്പെടുത്തുകയും ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ അനുവദിക്കുകയും ചെയ്തുവരുന്നു. പദ്ധതി അംഗങ്ങൾക്ക് ചികിത്സാ സഹായം പദ്ധതിയിൽ വിഭാവനം ചെയ്തിട്ടില്ല. എന്നാൽ 16/4/2014 ലെ |

| | | | |
|---|---|---|---|
| | | | സ.ഉ. (എം.എസ്) 87/2014/കൃഷി പ്രകാരം പൂർണ്ണ അവശത അനുഭവിക്കുന്നവർക്ക് അവശതാ ആനുകൂല്യമായി 25,000/- രൂപ ഒറ്റത്തവണ നൽകിവരുന്നുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയിൽ പുതിയ കർഷകരെ കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (സി) | 30/3/1994 ലെ സ.ഉ.(എം.എസ്) 122/94/കൃഷി പ്രകാരം 1994-ൽ സർക്കാർ നടപ്പിലാക്കിയ കാർഷിക മേഖലയിൽ ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽ ദാന പദ്ധതിയിൽ പുതിയ കർഷകരെ കൂടി ഉൾപ്പെടുത്തുവാൻ നിലവിൽ വ്യവസ്ഥയില്ല. കർഷകർക്ക് വിവിധ ആനുകൂല്യങ്ങൾ വിഭാവനം ചെയ്തുകൊണ്ട് പുതുതായി പ്രവർത്തനമാരംഭിച്ച കേരള കർഷക ക്ഷേമനിധി ബോർഡിനു കീഴിൽ കർഷകർക്ക് ഓൺലൈൻ രജിസ്ട്രേഷൻ വഴി അംഗത്വം നേടാവുന്നതാണ്. |
| (ഡി) | കോവിഡ് പ്രതിസന്ധി മൂലം ദുരിതമനുഭവിക്കുന്ന പദ്ധതി അംഗങ്ങളായ കർഷകർക്ക് പ്രത്യേക സഹായം നൽകുമോ; വ്യക്തമാക്കുമോ? | (ഡി) | പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള പ്രകാരമുള്ള ആനുകൂല്യങ്ങൾ (മരണാനന്തര ആനുകൂല്യം, അവശതാ ആനുകൂല്യം, പെൻഷൻ, ഗ്രാറ്റുവിറ്റി, പദ്ധതിയിൽ നിന്നും സ്വയം പിരിഞ്ഞു പോകുന്നവർക്കുള്ള ആനുകൂല്യം) നൽകി വരുന്നു. ഇതിനു പുറമേ മറ്റ് ധനസഹായങ്ങൾ നൽകുന്നതിന് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ